**43 (952) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ മോട്ടോർ കേടായതായ പരാതി**

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പല ലിഫ്റ്റ് ഇറിഗേൻ പദ്ധതികളിലും മോട്ടോർ കേടായതിനെ തുടർന്ന് പമ്പിംഗ് മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാക്കനാട്, മാറാടി, കടാതി എന്നീ സ്ഥലങ്ങളിലെ മോട്ടോറുകൾ തകരാറിലായിട്ട് എത്ര കാലമായി;

(സി) ഇവ നന്നാക്കുവാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(ഡി) മോട്ടോറുകൾ നന്നാക്കി എന്നുമുതൽ പമ്പിംഗ് പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാക്കനാട് എൽ.ഐ.സ്കീമിന്റെ 110 എച്ച്.പി.പമ്പ്സെറ്റ് 11-99-ലും മാറാടി എൽ.ഐ.സ്കീമിന്റെ 80 എച്ച്.പി. നം:1 ന്റെ മോട്ടോർ 5-99-ലും, നം:2 പമ്പിന്റെ മോട്ടോർ 1-99-ലും, കടാതി എൽ.ഐ.സ്കീമിന്റെ മോട്ടോർ 5-99-ലും തകരാറിലായിട്ടുണ്ട്.

(സി) കാക്കനാട് എൽ.ഐ.സ്കീമിന്റെ 110 എച്ച്.പി. പമ്പ് സെറ്റ്, മാറാടി എൽ.ഐ.സ്കീമിന്റെ നം:2 പമ്പിന്റെ മോട്ടോർ, കടാതി എൽ.ഐ. സ്കീമിന്റെ മോട്ടോർ എന്നിവ നന്നാക്കി പ്രവർത്തിപ്പിക്കുന്നതിന് ക്വട്ടേഷൻ വിളിച്ചിട്ടുണ്ട്, മാറാടി എൽ.ഐ. സ്കീമിന്റെ നം:1 പമ്പിന്റെ പണി പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കാക്കനാട് എൽ.ഐ.സ്കീമിന്റെ പമ്പ് 28-12-99-ലും മാറാടി എൽ.ഐ.സ്കീമിന്റെ നം:1 മോട്ടോർ ഒരാഴ്ചയ്ക്കകവും നം:2 മോട്ടോർ രണ്ടാഴ്ചയ്ക്കകവും കടാതി എൽ.ഐ.സ്കീമിന്റെ മോട്ടോർ ഒരാഴ്ചയ്ക്കകവും പ്രവർത്തിപ്പിച്ച് പമ്പിംഗ് പുന:രാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**44 (953) പാലേരി-പാറക്കടവ് ലൈൻ വാട്ടർസപ്ലൈ സ്കീമിന് ഫണ്ട്**

ശ്രീമതി എൻ.കെ. രാധ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പാലേരി-പാറക്കടവ് ലൈൻ വാട്ടർ സപ്ലൈ സ്കീമിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പാലേരി അയൽക്കൂട്ടം പ്രസിഡന്റിന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു വന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

**45 (954) കണ്ണൂർ ജില്ലയിലെ മടമ്പു റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി**

ശ്രീ. കെ.സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മടമ്പു റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ നീക്കിവച്ചിട്ടുണ്ട്;

(സി) ഈ പ്രവർത്തിക്ക് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) ഇതിന്റെ ഡിസൈൻ ചീഫ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു.

(ബി) 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) ഭരണാനുമതി നൽകിയിട്ടുണ്ട്.

**46 (955) മാഹി കനാലിന്റെ നിർമ്മാണം**

ശ്രീ. സി.കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹി കനാലിന്റെ ഈ വർഷം നടക്കുന്ന പണികൾ ഏവ;

(ബി) ഈ സാമ്പത്തികവർഷം ഇതിനായി എത്ര സംഖ്യ ചെലവഴിച്ചു;

(സി) ബഡ്ജറ്റിൽ മാഹി കനാലിനുവേണ്ടി അനുവദിച്ച സംഖ്യ മുഴുവൻ ഈ സാമ്പത്തികവർഷം കനാലിന്റെ നിർമ്മാണം പൂർത്തിയാക്കാൻ ഉപയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) 1) പുറമേനി പഞ്ചായത്തിൽ കമ്മിൽതാഴെ എന്ന സ്ഥലത്ത് വടകര-മാഹി കനാലിന് കുറുകെ ഒരു നടപ്പാലത്തിന്റെ നിർമ്മാണം.

2) വടകര-മാഹി കനാലിന് കുറുകെ തിരുവള്ളൂർ പഞ്ചായത്തിലെ കൗണ്ടർമട എന്ന സ്ഥലത്ത് ഒരു നടപ്പാലത്തിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly